**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4400** **19-07-2022 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സ്വന്തമായി വീടില്ലാത്ത പട്ടിക ജാതി കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വീടില്ലാത്ത പട്ടിക ജാതി കുടുംബങ്ങൾക്ക് പട്ടിക ജാതി വകുപ്പ് മുഖാന്തിരം എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | വീടില്ലാത്ത പട്ടികജാതി കുടുബങ്ങൾക്ക് ലൈഫ് പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നിലവിൽ ഭവന ധനസഹായം അനുവദിച്ചു വരുന്നത് . ആയതിലേക്ക് വീടൊന്നിന് ഒരുലക്ഷം രൂപ വീതം വകുപ്പ് ലൈഫ് മിഷന് നൽകി വരുന്നു. ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിനു ഗ്രാമപഞ്ചായത്ത് പരിധിയിൽ 375000/- രൂപയും മുനിസിപ്പാലിറ്റി പരിധിയിൽ 450000/- രൂപയും കോർപറേഷൻ പരിധിയിൽ 600000/- രൂപയും അനുവദിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ എത്ര പട്ടിക ജാതി കുടുംബങ്ങൾക്കാണ് സ്വന്തമായി വീട് ഇല്ലാത്തതെന്ന് വ്യക്തമാക്കുമോ; | (ബി) | 174 കുടുംബങ്ങൾക്ക് സ്വന്തമായി വീട് ഇല്ല. |
| (സി) | പ്രസ്തുത നിയോജക മണ്ഡലത്തിൽ എത്ര പട്ടിക ജാതി കുടുംബങ്ങളാണ് വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നതെന്നും, എത്ര വീടുകളാണ് വൈദ്യുതീകരിക്കാനുള്ളതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (സി) | വാസയോഗ്യമല്ലാത്ത വീടുകൾ - 43<br><br>വൈദ്യുതീകരിക്കാത്ത വീടുകൾ - 15 |

സെക്ഷൻ ഓഫീസർ